(ബി) അതിന്മേൽക്കൂടി ഗതാഗതം ചെയ്യുന്ന പലക്കും അപകടങ്ങൾ പിണഞ്ഞതായി ഗവൺമെണ്ടിന്റെ അറിവിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ഉണ്ട്. ടി പാലങ്ങൾ P.W.D. പാലങ്ങൾ അല്ല. പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽ പെട്ടവയാണു്.

(ബി) അറിവില്ല.

HEALTH CENTRE—AZHIKODE VILLAGE

676. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി നൽകുമോ.—

(എ) അഴീക്കോടു് വില്ലേജിലേക്കു അനുവദിച്ചിരിക്കുന്ന Health Centre ആരംഭിച്ചോ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു്;

(സി) ഇതിലേക്കു പണം അനുവദിച്ചതു് ഏതു കൊല്ലത്തിലാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ഉവ്വു്.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഫ ഫ ൨൦-ൽ

ST. JOSEPH'S POOR DISPENSARY

677. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) എറണാകുളത്തോ എറണാകുളം പരിസരങ്ങളിലോ "St. Joseph's Poor Dispensary" എന്ന ഒരു ധർമ്മസ്ഥാപനമുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ സ്ഥാപനം എവിടെയാണു്;

(സി) ഈ സ്ഥാപനം ആരാണു് നടത്തിവരുന്നതു്;

(ഡി) ഈ ഡിസ്പെൻസറിയിലെ ഡോക്ടർ ആരാണു്; (അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതകളും പ്രത്യേകം കാണിക്കണം.)

(ഇ) ഏതു തരത്തിലുള്ള ചികിത്സയാണു് അവിടെ നടത്തിവരുന്നതു്;

(എഫ്) ഈ സ്ഥാപനത്തിനു ഗവൺമെണ്ടിൽനിന്നു വല്ല ഗ്രാൻഡും കൊടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതിമാസം എത്ര ഉറുപ്പിക?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ഉണ്ട്.

(ബി) എറണാകുളത്തു് പിറവം റോഡിൽ V/491-ാംനമ്പ്രു് വീട്ടിലാണു് ആ സ്ഥാപനം സ്ഥിതിചെയ്യുന്നതു്.

(സി) ഈ സ്ഥാപനം നടത്തുന്നതു് മി. ഡബ്ലിയു. ഡി. എബ്രാഹം ആണു്.

(ഡി) ഡാക്ടർ സി. ജെ. ചാക്കോ, എൽ. എം. പി. യും ആയുർവ്വേദവൈദ്യൻ മിസ്റ്റർ സി. കെ. രാമൻ മേനോനും. മിസ്റ്റർ രാമൻ മേനോനു് സെൻറ് ജോൺസു് ആംബുലൻസിൽ നിന്നും ലഭിച്ച "Certificate of first aid" ഒഴികെ മറ്റു ഡിപ്ലോമായൊ സർട്ടിഫിക്കറ്റൊ ഇല്ല. അദ്ദേഹം കൊടുങ്ങല്ലൂർ കോവിലകത്തു് എട്ടു കൊല്ലത്തോളം ആയുർവ്വേദം അഭ്യസിച്ചിട്ടുണ്ടു്.

(ഇ) ഹെർബോമിനറൽ സമ്പ്രദായത്തിലുള്ള ചികിത്സയാണു് നടത്തിവരുന്നതു്. ആയുർവ്വേദ ഔഷധങ്ങളും നൽകിവരുന്നുണ്ടു്.

(എഫ്) ഗവർമ്മെണ്ടിൽനിന്നു പ്രതിമാസം ൨൫ രൂപ. ഗ്രാൻറ് കൊടുക്കുന്നു.

DUTY ON ARECANUTS

678. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ?

(എ) അടക്കക്കു് നികുതി ചുമത്തിയതിനുശേഷം കൊച്ചി രാജ്യത്തുനിന്നു പുറംരാജ്യങ്ങളിലേക്കു വല്ല പഴക്കടക്കയോ നീറടക്കയോ കയറ്റി അയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനത്തിലധികം പഴക്കടക്കയും നീറടക്കയും കയറ്റി അയച്ചിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(സി) കയറ്റി അയച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽനിന്ന എത്രശ്ശെ ശതമാനം വീതം ഏതെല്ലാം സ്ഥലങ്ങളിലേക്ക കയറ്റി അയച്ചു;

(ഡി) പഴക്കടക്കാരും നീറ്റടക്കാരും നികുതി പിരിക്കുമ്പോൾ കയറ്റി അയക്കുന്നതോ ഈ നാട്ടിലെ ചിലവിന്ന മാത്രമുള്ളതോ എന്ന ആലോചിക്കാറോ അന്വേഷിക്കാറോ ഉണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഉവ്വ്.

(ബി) ഫ,ന ൭ ശ. ൟ. വ്യ റാത്തൽ.

(സി) (a)

	ശ. ൟ.	റാ.
നെന്മാറ	ൻ ൫ ൦	൦
കുന്നംകുളം	൫ ൦	൦
തൃശ്ശിവപേരൂർ	ഫ ൫ ൎ	ൎ നൽ
മണ്ണൂർ	ഫ ൎ ൭	ന൩
ഇഞ്ചമുടി	൩	ഫ൭
ഇരിങ്ങാലക്കുട	ഫ൩	൫ന
ഊരകം	ന൩	ഫഫ
എറണാകുളം	൫	ഫ ൫ൽ
ആകെ	ഫ,ന ൭ ൩	വ്യ

(b) ബ്രിട്ടീഷു മലബാറിലേക്ക്.

(ഡി) ഓരോ അടക്കകൃഷിക്കാരനേയും തന്റെ ഗൃഹത്തിലെ ആവശ്യങ്ങൾക്കായി ആണ്ടിനാൽ ഫ,൦൦൦ അടക്കവീതം എടുത്തുകൊള്ളുന്നതിന്നും ഉണക്കുക, പുളിപ്പിക്കുക മുതലായവയൊന്നും ചെയ്യപ്പെട്ടിട്ടില്ലാത്ത പച്ചടക്കയോ, പഴക്കടക്കയോ നികുതി കൊടുക്കാതെ ഉപയോഗക്കാൎക്ക നേരിട്ട വിറ്റുകൊള്ളുന്നതിന്നും അനുവദിച്ചിട്ടുണ്ട്. മറ്റെല്ലാ സംഗതികളിലും, അടക്ക കയറ്റി അയപ്പാനുള്ളതൊ, നാട്ടിൽതന്നെ ഉപയോഗിപ്പാനുള്ളതോ എന്ന സംഗതി ഗണിക്കാതെതന്നെ നികുതി പിരിച്ചുവരുന്നുണ്ട്.

DAMAGED ARTICLES—FOOD SUPPLIES DEPARTMENT—DISPOSALS—PARTICULARS OF

679. മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: താഴെ പറയുന്ന ചോദ്യത്തിന്ന് ബഹുമാനപ്പെട്ട ഗവൎമ്മെണ്ട സദയം മറുപടി പറയുമോ.—

ഫുഡ് ഡിപ്പാർട്ടുമെണ്ടിൽനിന്നും ഫഫവ, ഫഫന, ഫഫ൦ ഈ കൊല്ലങ്ങളിൽ നശിപ്പിച്ചോ ലേലം വിളിച്ചോ ഉപയോഗശൂന്യമായി കളഞ്ഞ ചരക്കുകളുടെ എണ്ണം, വിലവിവരം കാണിക്കുന്ന ഒരു പട്ടിക വായിക്കുമോ?

റാവുസാഹിബ് എം. എം. പോൾ:

പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.

EDUCATION IN CERTAIN VILLAGES IN CHITTUR TALUK

680. മിസ്റ്റർ ആർ. എസ്സ്. തേവണ്ണ ഗൗണ്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൎമ്മെണ്ട് സദയം മറുപടി പറയാമൊ.—

(എ) ചിറ്റൂർ താലൂക്കിന്റെ കിഴക്കെ അതൃത്തിയിലുള്ള ഒഴലപ്പതി, ആട്ടേമ്പതി, വഞ്ചിക്കുന്നമ്പതി മുതലായ വില്ലേജുകളിൽ വിദ്യാഭ്യാസം കുറവാണെന്ന് ഗവൎമ്മെണ്ടിന്റെ അറിവിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ വില്ലേജുകളിൽ വിദ്യാഭ്യാസ സൌകൎയ്യത്തിന്നായി സ്കൂളുകളുണ്ടോ;

(സി) ഈ വില്ലേജുകളിൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനും, വിദ്യാഭ്യാസം വൎദ്ധിപ്പിക്കുന്നതിന്നും ഗവൎമ്മെണ്ടിന്ന ദയവുണ്ടാകുമോ?

റാവുസാഹിബ് ഒ. എൻ. മേനോൻ:

(എ) ഉവ്വ്.

(ബി) ഇപ്പോൾ ഒഴലപ്പതി വില്ലേജിൽ ഒരു പ്രാഥമിക വിദ്യാലയം ഉണ്ട്.

(സി) മേൽപറഞ്ഞ മറ്റ വില്ലേജുകളിൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനെപ്പറ്റി ഗവൎമ്മെണ്ട് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly